ശബരി മാർക്കറ്റുകൾ

130 [1257] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് ആരംഭിച്ച ശബരി മാർക്കറ്റുകളിൽ എത്രയെണ്ണം എവിടെയെല്ലാം സ്ഥാപിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) മുൻ ഗവൺമെന്റുകൾ ആരംഭിച്ച മാവേലി സ്റ്റോർ, നീതി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവകൾ ഓരോന്നും എവിടെയെല്ലാമാണ് എന്ന് അറിയിക്കുമോ ;

(സി) എവിടെയെങ്കിലും ആരംഭിച്ച ഇത്തരം സ്ഥാപനങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ടോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച ലിസ്റ്റ് അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. †

(ബി) ഇത് സംബന്ധിച്ച ലിസ്റ്റ് അനുബന്ധം 'ബി' യും 'സി' യും ആയി ചേർത്തിരിക്കുന്നു. ††

(സി) 225 നീതി സ്റ്റോറുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച അരി

131 [1258] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര ടൺ അരി സംഭരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ഏജൻസികളിൽ നിന്നാണ് ഈ അരി സംഭരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇവ സംഭരിക്കുന്ന അവസരത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ കൃഷിക്കാർക്കോ സഹകരണ സംഘങ്ങൾക്കോ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ അതിന്റെ തോത് എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) അരി സംഭരിച്ചിട്ടില്ല. 1135077.50 ക്വിന്റൽ നെല്ലാണ് സംഭരിച്ചത്.

(ബി) നെല്ല് സംഭരണ സൊസൈറ്റി, പാടശേഖര സമിതി, നെൽക്കൃഷിക്കാരിൽ നിന്ന് നേരിട്ടും നെല്ല് ശേഖരിച്ചിട്ടുണ്ട്

† & †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൃഷിക്കാരിൽ നിന്ന് നെല്ല് സംഭരിച്ചപ്പോൾ കിന്റലിന് 700 രൂപ നിരക്കിൽ നെല്ലിന്റെ വില നൽകിയിട്ടുണ്ട്. കൂടാതെ കൃഷിക്കാരുടെ സംഘങ്ങളോ, പാടശേഖര സമിതികളോ പല കൃഷിക്കാരുടെ നെല്ല് ഒരു സ്ഥലത്ത് സൂക്ഷിച്ച് വച്ച് സംഭരണത്തെ സഹായിച്ചിട്ടുണ്ടെങ്കിൽ സ്റ്റോറേജ് ചാർജായി കിന്റലിന് 7 രൂപ അധികമായി അത്തരം പാടശേഖര സമിതികളിലെ കൃഷിക്കാർക്ക് നൽകിയിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ലാഭ നഷ്ടങ്ങൾ

132 [1259] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണോ, നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) 2001 മുതൽ 2006 വരെയുള്ള ഓരോ വർഷവും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതേ കാലയളവിൽ ഉയർന്ന വിലയ്ക്ക് ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതുമൂലം ഉണ്ടായ നഷ്ടം എത്രയാണെന്ന് പറയാമോ ;

(ഡി) 2002-ലും 2004 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതുമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷനുണ്ടായ നഷ്ടം എത്രയാണ് ; എത്ര തുകയുടെ നഷ്ടമാണ് പ്രസ്തുത വർഷങ്ങളിലുണ്ടായിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2004-2005-ലെയും 2005-2006-ലെയും ലാഭ നഷ്ട കണക്കുകൾ, ആഡിറ്റ് പൂർത്തിയായ ശേഷമേ അറിയുവാൻ സാധിക്കുകയുള്ളു.

(ബി)

വർഷം	*തുക (കോടിയിൽ)*
2001-2002	52.67
2002-2003	48.55
2003-2004	78.45

2004-2005-ലെയും 2005-2006-ലെയും കണക്കുകളുടെ ആഡിറ്റ് പൂർത്തിയായിട്ടില്ല.

(സി) 96.70 കോടി രൂപ 2001 മുതൽ 2004 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് നഷ്ടം വന്നിട്ടുണ്ട്.

(ഡി) ഈ കാലയളവിലെ പർച്ചേസ് ഫയലുകൾ ജുഡീഷ്യൽ എൻക്വയറി കമ്മീഷന് കൈമാറ്റം ചെയ്തതിനാൽ, 2002-ലും 2004 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതുമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടായ നഷ്ടം പ്രത്യേകം കണക്കാക്കുവാൻ പ്രസ്തുത ഫയലുകൾ തിരികെ ലഭിച്ചതിന് ശേഷമേ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly